ഉത്തരം

(എ) ചീഫ് സെക്രട്ടറിക്ക് മാത്രമേ ഗവൺമെന്റ് ചെലവിൽ ഫോൺ നൽകിയിട്ടുള്ളൂ.

(ബി) രണ്ടായിരം മാർച്ച് മാസം മുതൽക്കാണ് ചീഫ് സെക്രട്ടറിക്ക് സെല്ലുലാർ ഫോൺ നൽകിയിട്ടുള്ളത്.

(സി) ഇതുവരെ 26,071 രൂപ (ഇരുപത്തിയാറായിരത്തി എഴുപത്തി ഒന്നു രൂപ മാത്രം) ഈ ഇനത്തിൽ ചെലവായിട്ടുണ്ട്.

ഗവൺമെന്റ് ജീവനക്കാരുടെ രാഷ്ട്രീയബന്ധം

11 (944) ശ്രീ. തമ്പാനൂർ രവി :
ശ്രീ. ജി. കാർത്തികേയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ഗവൺമെന്റ് സർവന്റ്സ് കോൺടാക്ട് റൂൾ അനുസരിച്ച് ഗവൺമെന്റ് ജീവനക്കാർ രാഷ്ട്രീയ കക്ഷികളിൽ അംഗമാക്കുന്നതും രാഷ്ട്രീയ കക്ഷികൾക്കുവേണ്ടി രാഷ്ട്രീയ പ്രവർത്തനം നടത്തുന്നതും നിയമാനുസൃതമാണോ ;

(ബി) അല്ലാത്തപക്ഷം രാഷ്ട്രീയ കക്ഷികളിൽ അംഗമാകുകയും രാഷ്ട്രീയ പ്രവർത്തനം നടത്തുകയും ചെയ്യുന്ന ഗവൺമെന്റ് ഉദ്യോഗസ്ഥന്മാരുടെമേൽ എന്ത് നടപടിയാണെടുക്കുന്നത് ;

(സി) കേരള ജയിൽ സ്റ്റേറ്റ് സർവ്വീസിലും കേരള ജയിൽ സബോഡിനേറ്റ് സർവ്വീസിലുംപ്പെട്ട സർക്കാർ ഉദ്യോഗസ്ഥരെ രാഷ്ട്രീയ പാർട്ടി അംഗങ്ങളാക്കുന്നതിനും രാഷ്ട്രീയ പ്രവർത്തനം നടത്തുന്നതിനും പ്രത്യേകമായി അനുവദിച്ചിട്ടുണ്ടോ ;

(ഡി) സംസ്ഥാനത്തെ സെൻട്രൽ ജയിലുകളിലും സബ്ജയിലുകളിലും സി.പി.ഐ. (എം) ബ്രാഞ്ച് കമ്മിറ്റികളും കോർ കമ്മിറ്റികളും പ്രവർത്തിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

(ഇ) തിരുവനന്തപുരം സെൻട്രൽ ജയിലിലും കണ്ണൂർ സെൻട്രൽ ജയിലിലും സി.പി.ഐ (എം) കോർ കമ്മിറ്റി പ്രവർത്തിക്കുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എഫ്) ഉണ്ടെങ്കിൽ പ്രസ്തുത സെൻട്രൽ ജയിലുകളിലെ രാഷ്ട്രീയ കക്ഷി അംഗങ്ങളുടെ മേൽ എന്തെല്ലാം നടപടിയെടുത്തു എന്ന് പറയുമോ ?

ഉത്തരം

(എ) 1960-ലെ കേരളാ ഗവൺമെന്റ് സർവന്റ്സ് കോൺട്രാക്റ്റ് റൂളിലെ റൂൾ 67 അനുസരിച്ച് സർക്കാർ ഉദ്യോഗസ്ഥന്മാർ രാഷ്ട്രീയ പാർട്ടികളിൽ അംഗമാകാനും രാഷ്ട്രീയ പ്രവർത്തനം നടത്താനും പാടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി) മേൽ റൂളിന് വിരുദ്ധമായി പ്രവർത്തിക്കുന്നവരുടെ മേൽ ശിക്ഷണാധികാരിക്ക് കെ.സി.എസ്. (സി.സി. ആന്റ് എ) റൂളുകൾക്ക് വിധേയമായി ഉചിതമായ അച്ചടക്ക നടപടികൾ സ്വീകരിക്കാവുന്നതാണ്.

(സി) അനുവദിച്ചിട്ടില്ല.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) ഇല്ല

(എഫ്) ഉദിക്കുന്നില്ല.

സ്വാതന്ത്ര്യ സമര സേനാനികളുടെ പെൻഷൻ

12 (945) ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാതന്ത്ര്യസമര സേനാനികളുടെ പെൻഷൻ വർദ്ധിപ്പിച്ചുവോ ;

(ബി) എങ്കിൽ എന്നുമുതൽ ;

(സി) വർദ്ധിപ്പിച്ച തോതിലുള്ള പെൻഷൻ നൽകിത്തുടങ്ങിയോ ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് പറയുമോ ;

(ഡി) ഇപ്പോൾ ഈയിനത്തിൽ എന്തു തുക കുടിശ്ശികയുണ്ട് ;

(ഇ) കുടിശ്ശിക തുക എന്നു മുതൽ കൊടുക്കാനാണുദ്ദേശിക്കുന്നത് ?

ഉത്തരം

(എ & ബി) വർദ്ധിപ്പിച്ചു. 8-1-2000 മുതൽ

(സി) ഇല്ല. സാമ്പത്തിക നടപടി പൂർത്തിയായിട്ടില്ലാത്തതിനാൽ.

(ഡി) ഓരോരുത്തർക്കും 6,000 രൂപ വരെ ഇതുവരെ കുടിശ്ശികയുണ്ട്.

(ഇ) കാലവിളംബം കൂടാതെ കൊടുക്കാൻ നടപടി സ്വീകരിച്ചു വരുന്നു.

ഉദ്യോഗസ്ഥ ഭരണ പരിഷ്ക്കാര വകുപ്പ് നടത്തിയ വർക്ക് സ്റ്റഡി റിപ്പോർട്ട്

13 (946) ശ്രീ. ഇ. എം. അഗസ്തി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ഉദ്യോഗസ്ഥ ഭരണ പരിഷ്ക്കാര വകുപ്പ് നടത്തിയ ഗതാഗത വകുപ്പിന്റെ വർക്ക് സ്റ്റഡി റിപ്പോർട്ട് ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ റിപ്പോർട്ടിലെ പ്രധാന ശുപാർശകൾ എന്തെല്ലാമാണ് ;

(സി) എ. എം. വി. ഐ. മാരുടെ എത്ര പുതിയ തസ്തികകൾ സൃഷ്ടിക്കാനാണ് ശുപാർശ ചെയ്തിട്ടുള്ളത് ;

LIBRARY ARCHIVES Kerala Legislative Assembly